## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 956 — 11-07-2016 -ൽ മറുപടിക്ക്

### ദുരന്തനിവാരണ വകുപ്പിന്റെ ശാക്തീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കോവൂർ കുഞ്ഞുമോൻ** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ദുരന്തനിവാരണവകുപ്പിനെ ശാക്തീകരിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കു മോ: | എ) & സി) | പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ അപകടങ്ങൾ നേരിടുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA) സജ്ജമാണ്. സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ (SEOC) തിരുവനന്തപുരത്തും DEOC-കൾ (District Emergency Operations Centre) 14 ജില്ലാ കളക്ടറേറ്റുകളിലും പ്രവർത്തിക്കുന്നുണ്ട്. റവന്യൂ, പോലീസ്, ഫയർ ഫോഴ്സ്, ആരോഗ്യം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെ നിരന്തര സേവനം ഉറപ്പാക്കുന്നുണ്ട്. സാധ്യതയുള്ള അപകടങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് ഇടിമിന്നൽ, തീരശോഷണം, ശക്തമായ കാറ്റ് തുടങ്ങിയവയെ ദുരന്തങ്ങളുടെ പട്ടികയിൽ പെടുത്തി. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി നടപ്പാക്കി വരുന്നു (NCRMP). വരൾച്ചാ പ്രതിരോധ പ്രവൃത്തിയായി 'മഴപ്പൊലിമ' പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ സേന (SDRF) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഫയർ & റസ്ക്യൂ സർവ്വീസിന്റെ നവീകരണത്തിനായി സാമ്പത്തിക സഹായം അനുവദിച്ചു. കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ (NDRF) പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതിന് എറണാകുളം ജില്ലയിൽ സ്ഥലം അനുവദിക്കുകയുണ്ടായി. മനുഷ്യജന്യ ദുരന്തങ്ങളുടെ നോഡൽ വകുപ്പായി ആഭ്യന്തര വകുപ്പിനെ നിർണ്ണയിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ സംബന്ധമായ വിഷയങ്ങൾ റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലയായി നിർണ്ണയിച്ചിട്ടുണ്ട്. റയിൽവേയുടെ അടിയന്തര ഘട്ട രൂപരേഖ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്. ബോട്ട് സുരക്ഷാ സംബന്ധമായ വിശദമായ ഗൈഡ് ലൈൻസ്, ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ സഹകരണത്തോടുകൂടി ദേശീയ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ആരോഗ്യ വകുപ്പിന് വ്യക്തമായ പകർച്ചവ്യാധി പ്രതിരോധ രൂപരേഖയുണ്ട്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ജില്ലാ കളക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൻ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ അടിയന്തിര ഘട്ട കാര്യ |
| സി) | ദുരന്തനിവാരണ വകുപ്പിന്റെ പ്രവർത്തനം സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെടുത്തി സജീവമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | നിർവ്വഹണ കേന്ദ്രങ്ങൾ (District Emergency Operations Centre) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ റവന്യൂ പോലീസ്, ഫയർ ആർഡ് റസ്ക്യൂ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ 24 മണിക്കൂറും സേവന സന്നദ്ധരാണ്. കൂടാതെ കൃഷി, ആരോഗ്യം, ജലസേചനം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെ സേവനം അടിയന്തിര ഘട്ടത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും തൽഫലമായുണ്ടാകുന്ന ദുരന്തങ്ങളും നേരിടുന്നതിന് ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP) നടപ്പാക്കി വരുന്നു. ഇപ്രകാരം റവന്യൂ ആരോഗ്യം, പോലീസ്. കൃഷി. ജലസേചനം, വൈദ്യുതി, ഗതാഗതം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചും ശക്തിപ്പെടുത്തിയും ദുരന്ത നിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. |
| ബി) | ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനതല ദുരന്തനിവാരണപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ; | ബി) | സംസ്ഥാനതല ദുരന്തനിവാരണപദ്ധതിയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് അംഗീകരിക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ